DISPATCHED 05/03/2020

16/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ **CP No.509(6)/2015**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*5818/എസ്.ഐ.സി–ജി 5/2015*)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീമതി. വിജയകുമാരി ആർ.,
സീനിയർ ഒഫ്താൽമിക് അസിസ്റ്റന്റ്,
റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി,
തിരുവനന്തപുരം — പരാതി ഹർജിക്കാരി

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പ്രൈമറി ഹെൽത്ത് സെന്റർ, ആര്യനാട്,
തിരുവനന്തപുരം — എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 02.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| പരാതി ഹർജി നൽകിയ തീയതി | 18.04.2015 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 18.04.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.05.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 15.01.2020 |
| ഹിയറിംഗ് തീയതി & സ്ഥലം | 16.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>എതിർകക്ഷി<br>പരാതി ഹർജിക്കാരി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി. വിജയകുമാരി ആർ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ

സംബന്ധിച്ച് ഒരു മാസം കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. ജി.ഇ. 26/ബി/വി/37-38, 598 തീയതി 11.09.96 ൽ ഹർജിക്കാരിയുടെ സർവ്വീസ് ബുക്ക് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ആര്യനാട് പി.എച്ച്.സി.ലേക്ക് അയച്ചു നൽകി എന്നറിയാൻ കഴിഞ്ഞു എന്നും ടി സർവ്വീസ് ബുക്ക് ആര്യനാട് പി.എച്ച്.സി.യിൽ ഉണ്ടോ എന്നും

ii. ടി സർവ്വീസ് ബുക്ക് ആര്യനാട് പി.എച്ച്.സി.യിൽ ഇല്ല എങ്കിൽ അത് ഏത് ഓഫീസിലേക്ക് അയച്ചു കൊടുത്തു എന്നും

iii. ടി സർവ്വീസ് ബുക്കിന്റെ ഫ്രണ്ട് പേജിന്റെ കോപ്പി നൽകണമെന്നുമാണ്

3. ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ഹാജരായി ബോധിപ്പിച്ചത്, ടിയാൾ ആര്യനാട് ആശുപത്രിയിൽ ഒഫ്താൽമിക് അസിസ്റ്റന്റായി ജോലി നോക്കിവരവെ ഗസറ്റഡ് തസ്തികയിലേക്ക് പ്രൊമോഷൻ ആയി എന്നും പിന്നീട് കൊല്ലം ജില്ലാ ആശുപത്രിയിലേക്ക് ട്രാൻസ്ഫർ ആയി പോയി എന്നും 31.05.2015 ൽ തിരുവനന്ത പുരം കണ്ണാശുപത്രിയിൽ ഒഫ്താൽമിക് അസിസ്റ്റന്റായി ജോലി ചെയ്തു വരവെ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തുവെന്നും ഹർജിക്കാരിയുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി സർവീസ് ബുക്ക് ലഭ്യമാക്കാത്തതിനാലാണ് ടിയാൾ വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ തേടിയതെന്നും ആയത് ലഭ്യമാകാത്തതിനാൽ സർക്കാരിൽ നിന്നും ഉത്തരവ് വാങ്ങി പുതിയ സർവ്വീസ് ബുക്ക് റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് ആയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ ടിയാളുടെ അപേക്ഷയിന്മേൽ മറ്റു നടപടികൾ നിലവിൽ ആവശ്യമില്ല എന്നുമാണ്.

4. ഹർജിക്കാരി കമ്മീഷൻ മുമ്പാകെ നേരിൽ ഹാജരായി പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ല എന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020, ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION